"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലെസേഷൻ (ABCD) ക്യാമ്പെൻ നടപ്പാക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപെടുത്തി നടപ്പാക്കുന്നതിന് ഇടുക്കി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1070/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-
1. ഇടുക്കി ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 30.12.2023ലെ 677/23/ഡിപിസി/ഡിപിഒ/ഐഡികെ നമ്പർ കത്ത്
2. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 15.02.2024ലെ 41/എസ്.ആർ.ജി/2024 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വിദൂര പട്ടികവർഗ്ഗ മേഖലയിലുള്ള എല്ലാ ആദിവാസി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും ആവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിന് എ.ബി.സി.ഡി ക്യാമ്പെൻ സംഘടിപ്പിക്കുന്നതിന് ജില്ലയിലെ ട്രൈബൽ ഡെവലപ്പ്മെന്റ് വകുപ്പും ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും സംയുക്തമായി തീരുമാനമെടുത്തിട്ടുണ്ടെന്നും ഇതിനായി എ.ബി.സി.ഡി. പദ്ധതി നടത്തിപ്പിനുള്ള ചെലവ് വഹിക്കുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഇടുക്കി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണമെന്ന് ജില്ലാ ആസൂത്രണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി കൂടിയായ ഇടുക്കി ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ABCD പ്രോജക്ട് ഏറ്റെടുക്കുന്നതിന് വയനാട് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. അത് പ്രകാരം പരാമർശം (1) കത്ത് പരിഗണിച്ച്, ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആധികാരിക രേഖ ഉറപ്പാക്കുകയും ആയത് ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (ABCD) പദ്ധതി 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഇടുക്കി ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പൊതുവായ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. ഇടുക്കി ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. ഇടുക്കി ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. ഇടുക്കി ജില്ലയിലെ എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
7. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, ഇടുക്കി
10. ജില്ലാകളക്ടർ, ഇടുക്കി
11. ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ഇടുക്കി
12. ജോയിന്റ് ഡയറക്ടർ, ഇടുക്കി (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-06-2024 17:01:20

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്